## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4337 27.06.2013- ൽ മറുപടിക്ക്**

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് നൽകുന്ന പരിശീലന പരിപാടികളുടെ വിശദവിവരം നൽകാമോ; | (എ) | റവന്യൂ വിഷയങ്ങളായ ഭൂമിപതിവ്, പൊന്നുംവില നടപടി, റവന്യൂ റിക്കവറി, വിവരാവകാശം, സേവനാവകാശം, കമ്പ്യൂട്ടർ പരിശീലനം, കോടതി കാര്യങ്ങൾ, മജിസ്റ്റീരിയൽ ചുമതലകൾ നിർവ്വഹിക്കുന്ന ബന്ധപ്പെട്ട വിഷയങ്ങൾ, വില്ലേജ് ആഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, ജില്ലാതലങ്ങളിലെ ഫാക്കൽറ്റിമാർക്കുള്ള റ്റി.ഒ.റ്റി ട്രെയിനിംഗുകൾ തുടങ്ങിയ വിവിധ വിഷയങ്ങളാണ് ഐ.എൽ..ഡി.എം ലെ പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന എൽ.ഡി ക്ലാർക്ക്മാർക്കുള്ള ഇൻഡക്ഷൻ-ട്രെയിനിംഗ്, യു.ഡി ക്ലാർക്ക്, വില്ലേജ് ഓഫീസർ, ഡെപ്യൂട്ടി തഹസിൽദാർ, തഹസിൽദാർ എന്നീ തസ്തികളിലുള്ളവർക്കായി റിഫ്രക്ഷർ ട്രെയിനിംഗുകൾ, പ്രൊമോഷനു മുന്നോടിയായി നൽകുന്ന പ്രോസ്പക്ടീവ് വില്ലേജ് ഓഫീസർ, പ്രോസ്പക്ടീവ് ഡെപ്യൂട്ടി തഹസിൽദാർ, പ്രോസ്പെക്ടീവ് തഹസിൽദാർ, പ്രോസ്പക്ടീവ് ഡെപ്യൂട്ടി കളക്ടർ ട്രെയിനിംഗുകൾ, മജിസ്റ്റീരിയൽ കാര്യങ്ങൾ, കമ്പ്യൂട്ടർ തുടങ്ങിയവയിലുള്ള പ്രത്യേക പരിശീലനങ്ങൾ തുടങ്ങിയവയാണ് പ്രധാനപ്പെട്ട പരിശീലന പരിപാടികൾ.<br>കൂടുതൽ ജീവനക്കാരിലേക്ക് പരിശീലനപരിപാടികൾഎത്തിക്കുന്നതിനായി 2012 മുതൽ 14 ജില്ലാ കേന്ദ്രങ്ങളിലും ഐ.എൽ.ഡി.എം-ന്റെ സെന്ററുകൾ ആരംഭിച്ച് റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്ന എല്ലാ വിഷയങ്ങളിലും പരിശീലനപരിപാടികൾ നടത്തി വരുന്നു. കൂടാതെ ജനസൗഹൃദ വില്ലേജുകൾ, ദുരന്ത നിവാരണ പരിശീലനം, ഔദ്യോഗിക ഭാഷാ പരിശീലനം, ദേശീയ ഭൂരേഖ ആധുനിക |

| | | | |
|---|---|---|---|
| | | | വത്കരണ പരിപാടി എന്നിവയും ഐ.എൽ.ഡി.എം കൈകാര്യം ചെയ്യു ന്നുണ്ട്. |
| (ബി) | ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗസ്ഥർക്കാണ് പരിശീലനം നൽകാറുള്ളത്; | (ബി) | റവന്യൂ വകുപ്പിലെ എൽ.ഡി ക്ലാർക്ക്, യു.ഡി ക്ലാർക്ക്, വില്ലേജ് ആഫീസർ, ജൂനിയർ സൂപ്രണ്ട്, തഹസിൽദാർ, ഡെപ്യൂട്ടി കളക്ടർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്നവർക്കും ദുരന്ത നിവാരണ കേന്ദ്രത്തിന്റെ പരിശീലനം, പോലീസ്, റവന്യൂ, അഗ്നിശമനസേന തുടങ്ങി വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗ സ്ഥർക്കും എൻ.എൽ.ആർ.എം.പി പരി ശീലനം, റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി തഹസിൽദാർ വരെയുള്ള ജീവനക്കാർക്കും സർവ്വെ വിഭാഗത്തിൽ സർവ്വേയർ ഡ്രാഫ്റ്റ്സ്മാൻ എന്നിവർക്കും പരിശീലനം എന്നിവ നല്കി വരുന്നു. |
| (സി) | പരിശീലനം നൽകുന്നതിനുള്ള ഫാക്കൽറ്റി അറേഞ്ച്മെന്റിന്റെ വിശദ വിവരം നൽകാമോ; | (സി) | റവന്യൂ, എൻ.എൽ.ആർ.എം.പി വിഷയങ്ങളിൽ പരിശീലനം നല്കുന്നത് ടി വിഷയത്തിൽ പ്രാഗൽഭ്യമുള്ള ഗസ്റ്റ് ഫാക്കൽറ്റി ആണ്. ദുരന്ത നിവാരണത്തിൽ ഇതു കൂടാതെ ഈ കേന്ദ്രത്തിന്റെ മേധാവിയും രണ്ട് അസിസ്റ്റന്റ് പ്രൊഫസർമാരും കൂടി ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. |
| (ഡി) | ഇതേവരെ എത്ര ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്? | (ഡി) | 2012 - 13 വർഷം താഴെപ്പറയുന്ന രീതിയിൽ വിവിധ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി യിട്ടുണ്ട്.<br>റവന്യൂ വിഭാഗം - 1132<br>ജില്ലാതല പരിശീലനം - 4536<br>ദുരന്തനിവാരണം - 3401<br>എൻ.എൽ.ആർ.എം.പി - 1914<br>ജനസൗഹൃദ വില്ലേജ് - 854 |

സെക്ഷൻ ഓഫീസർ